(എഫ്) ഇപ്പോൾ 14 ജില്ലകളിലും സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മഞ്ചേരിയിൽ 2-ാമത്തെ യൂണിറ്റിന്റെ അംഗീകാരം നല്കിയിട്ടുണ്ട്.

100% കേന്ദ്ര ആവിഷ്കൃത പദ്ധതി ആയതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശവും തീരുമാനവും അനുസരിച്ചു മാത്രമേ പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ജി) നൂതന ശസ്ത്രക്രിയാ രീതികളിൽ നേത്രരോഗവിദഗ്ധരെ സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള പ്രധാന കേന്ദ്രങ്ങളിൽ പരിശീലിപ്പിച്ച് വരുന്നുണ്ട്. അത്യാധുനിക ശസ്ത്രക്രിയാ ഉപകരണങ്ങൾ മിക്കവാറും എല്ലാ യൂണിറ്റുകളിലും ലഭ്യമാക്കിയിട്ടുണ്ട്. 1998-1999-ൽ 33 യൂണിറ്റുകളിലേക്ക് വിലയേറിയ ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്. സ്ലിറ്റ്ലാബ് ഇവ നൽകുകയുണ്ടായി. 1999-2000-ൽ 10 ജില്ലാ ആശുപത്രികളിൽ വിലകൂടിയതും ആധുനികവുമായ ഉപകരണങ്ങൾ വാങ്ങി നല്കുവാൻ 77.74 ലക്ഷം രൂപയ്ക്കുള്ള ഓർഡർ നല്കി കഴിഞ്ഞു.

സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡങ്ങൾ

14 (*603) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ എം. വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് ഈ സർക്കാർ പുതുക്കിയമാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ സർവീസ് സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം കുറ്റമറ്റതാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് സർക്കാർ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇത് കർശനമായി പാലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ-ഇ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പുനർ നിർണ്ണയം ചെയ്യണമെന്ന് വിവിധ സർവീസ് സംഘടനകൾ ആവശ്യപ്പെടുകയുണ്ടായി. അതുസംബന്ധിച്ച് എല്ലാ അംഗീകൃത സർവീസ് സംഘടനകളുടേയും പ്രതിനിധികളുമായി മുഖ്യമന്ത്രി 6-11-1999 ൽ ചർച്ച നടത്തി. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് പുതുക്കിയ മാനദണ്ഡങ്ങൾപുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എയ്ഡ്സ് നിവാരണ പദ്ധതിക്ക് ലഭിക്കുന്ന വിദേശസഹായം

15 (*604) ശ്രീ. എൻ. കണ്ണൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡ്സ് രോഗ നിയന്ത്രണപദ്ധതികൾ നടന്നുവരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ ;

(സി) പദ്ധതികളുടെ നടത്തിപ്പിനായി വിദേശ രാജ്യങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചു വരുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതൊക്കെ വിദേശ ഏജൻസികളും വിദേശരാജ്യങ്ങളുമാണ് സഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എന്തു തുക വിദേശസഹായമായി ലഭിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) എയ്ഡ്സ് നിവാരണ പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എച്ച്) സംസ്ഥാനത്ത് എയ്ഡ്സ് രോഗികൾ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഐ) സംസ്ഥാനത്ത് കൂടുതൽ എയ്ഡ്സ് ബോധവൽക്കണ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly